പറവൂർ ബോയ്സ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# സ്പന്ദനം




[redacted]

"ഫോട്ടോഗ്രഫി എന്ന കല വെറും ഷട്ടർ ബട്ടൺ അമർത്തലല്ല"
ഡോ. മനോജ്ബ്രൈറ്റ്,
ഫോട്ടോഗ്രഫി ക്ലബ്ബ് ജൂറി

"ഒരുമ" : പ്രളയം പഠിപ്പിച്ച പാഠം

നോബൽ സമ്മാനം 2018

ഫ്ളഡ് മാപ്പിങ് : അറിയേണ്ടതെല്ലാം

ചീഫ് എഡിറ്റർ : എവിൻ അംബ
ഡെപ്യൂട്ടി എഡിറ്റർ : സഞ്ജയ് എസ് മണി

സബ് എഡിറ്റർ : വിവേക് ഭാസ്ക്കർ

**എഡിറ്റോറിയൽ ബോർഡ്**

ഉണ്ണികൃഷ്ണൻ പി ആർ
പാർത്ഥിവ് എസ്
പാർത്ഥിവ് സി എസ്
ഗലീൽ ബിജു
രാഹുൽ സുനിൽ
കണ്ണൻ സോമൻ

**ഉപദേശക സമിതി :**
റംല വി എം
സരസ്വതി കെ എ
സിന്ധ്യ മരിയ ഡിസിൽവ
സിമി മാത്യു
ആശ എൻ കെ

**സാങ്കേതിക സഹായം**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
ഗവ. ബോയ്സ്, N PARAVUR

## എഡിറ്റോറിയൽ

ജീവിക്കാൻ എഴുത്തും വായനയും വേണ്ടാതാകുന്നതിനിടയിൽ, ഭാവനയുടെ ഒരരുവി കൗമാരത്തിന്റെ ചിന്തകളിലേക്ക് ഒഴുകി ഇറങ്ങാൻ അവസരമൊരുക്കിയവരേ...
വായനയുടെ ഈ നിറങ്ങൾ നിങ്ങളെ മത്തു പിടിപ്പിക്കാതിരിക്കട്ടെ..
പറവൂരിന്റെ പ്രൗഢിയും പൈതൃകവും യുവത്വത്തിന്റെ ഓരോ സിരയിലും നിറച്ച എന്റെ വിദ്യാലയത്തിലെ 2018–2019 'മാഗസിൻ എഡിറ്റർ' സ്ഥാനം എറ്റുവാങ്ങിയതിൽ അത്യധികം അഭിമാനവും, ആഹ്ലാദവും പങ്കുവച്ചുകൊണ്ട്.
അറിവും, ആർദ്രതയും, ആഘോഷവും ഇഴ ചേർന്നലിഞ്ഞ, ഈ ഇളം താളുകൾ അതിജീവനത്തിന്റേയും, മൂല്യബോധത്തിന്റേയും, വിസ്മയത്തിന്റേയും മാന്ത്രികസ്പർശമായി
തീരും തീർച്ച.
ആദ്യ വിദ്യാലയത്തെ ജീവശ്വാസമാക്കി തന്റെ അസ്ഥിത്വത്തിന്റെ തന്നെ സമ്പത്താക്കി മാറ്റിയ മഹാരഥന്മാരെ, എന്റെ ഗുരുഭൂതരെ നിങ്ങൾക്ക് സുകൃതം.
അറിവിന്റെ ആഴങ്ങൾ തേടിയുള്ള ഈ യാത്രയിൽ എനിക്ക് മുൻപേ എന്റെ വിദ്യാലയത്തെ ജീവസ്സുറ്റ വൻ മരമായ് വളർത്തിയ.
ഞാൻതന്നെയാണ്നീ
നീ തന്നെയാണ് ഞാൻ
എന്ന് തിരിച്ചറിയാനായ് ഈ ഓർമ്മപ്പുസ്തകം.
ഈ പുസ്തകം ഒരു മയിൽപ്പീലിയായ് മനസ്സിൽ സൂക്ഷിക്കാൻ, ഒരു മഞ്ഞുതുള്ളിയായ് ഹൃദയത്തിൽ സൂക്ഷിക്കാൻ, ഒരു ചിന്താശകലമായ് വാക്കുകളിലൊതുക്കാൻ, മിനുക്കിയൊരുക്കിയ
ഓരോരുത്തർക്കും,
ശുഭ ആശംസകൾ



എവിൻ അംബ
ചീഫ് എഡിറ്റർ



### ആശംസ
### നഗരസഭാചെയർമാൻ
### ശ്രീ രമേശ് ഡി കുറുപ്പ്

**പറവൂർ ബോയ്സ് അവതരിപ്പിക്കുന്ന സ്കൂൾ മാസിക എന്ന പുതുസംരംഭം ഒരു പൂർവ്വവിദ്യാർത്ഥിയായ എനിക്ക് ഏറെ സന്തോഷം നൽകുന്നു. ഈ വിദ്യാലയത്തിന്റെ ഓരോ സ്പന്ദനവും നമ്മുടെ സമൂഹത്തിന്റെ മുന്നിലേക്ക് അക്ഷരങ്ങളായും വർണ്ണങ്ങളായും പടർന്നിറങ്ങട്ടെ എന്നാശംസിക്കുന്നു.**





### ആശംസ

ഡെന്നി തോമസ്
വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയര്മാൻ, പറവൂർ നഗരസഭ

ഒരു നൂറ്റാണ്ടിലേറെ കാലത്തെ പെരുമയും പാരമ്പര്യവുമുള്ള പറവൂർ ഗവ .ബോയ്സ് ഹൈ സ്കൂളിലെ വിദ്യാർത്ഥികൾ ചേർന്നൊരുക്കുന്ന സ്പന്ദനം മാസിക നിശ്ചയമായും വിദ്യാർത്ഥികൾക്കിടയിൽ എഴുത്തിന്റെ ആശാവഹമായ അനുഭവങ്ങൾ പങ്കുവയ്ക്കുന്ന ഒന്നായിരിക്കും എന്ന ശുഭ പ്രതിക്ഷ എനിക്കുണ്ട് . വിദ്യാർത്ഥികൾ തങ്ങളുടെയുള്ളിൽ താലോലിക്കുന്ന അവരുടെ രചനാവൈഭവങ്ങളെ ബഹിർഗമിപ്പിക്കുവാൻ ഈ ഉദ്യമം നിശ്ചയമായും അവരെ സഹായിക്കും . അച്ചടിയുടെ ലോകം എന്നത് അതിബൃഹത്തായ ഒന്നാണ് . സമൂഹമാധ്യമങ്ങളുടെ കടന്നുവരവോടെ എല്ലാവിധ ആശയങ്ങളും പൊതുമണ്ഡലത്തിൽ എത്തിക്കാൻ നമുക്കിന്നായിട്ടുണ്ട് . സാങ്കേതികവിദ്യ പ്രദാനം ചെയ്ത ഇത്തരം സൗകര്യങ്ങളെല്ലാം ഉപയോഗിച്ചുകൊണ്ട് നമ്മുടെ ആത്മാവിഷ്കാരം എന്ന നിലയ്ക്ക് വേറിട്ട അനുഭവങ്ങൾ പകർന്നുകൊണ്ട് വ്യത്യസ്തത പുലർത്താൻ ഈ മാസികയ്ക്കാകട്ടെ . എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു .



### ആശംസ

നമ്മുടെ വിദ്യാലയത്തിന്റെ ഈ പുതുസംരംഭം കുട്ടികളുടെ സർഗ്ഗാത്മകതയും ഐ ടി മേഖലയിലെ പ്രാഗല്ഭ്യവും തെളിയിക്കാൻ ലഭിക്കുന്ന ഒരു സുവർണ്ണാവസരമായിക്കണ്ട് ഉപയോഗപ്പെടുത്തണമെന്ന് മാതാപിതാക്കളുടെ പ്രതിനിധി എന്ന നിലയിൽ അഭ്യർത്ഥിക്കുകയും അത് യാഥാർഥ്യമാക്കുന്നതിനുള്ള ആശംസകൾ നേരുകയും ചെയ്യുന്നു.

വി പി ഡെന്നി
പി ടി എ പ്രസിഡന്റ്

### ആശംസ



**നമ്മുടെ സ്കൂൾ പുറത്തിറക്കുന്ന മാസിക സ്പന്ദനം ഏറെപ്രതീക്ഷയുണർത്തുന്നതാണ് . സ്കൂൾ വിശേഷങ്ങളും വിദ്യാർത്ഥികളുടെ സർഗ്ഗരചനകളും ഉൾപ്പെടുത്തുന്ന ഈ മാസികയ്ക്ക് നമ്മുടെ സ്കൂളിന്റെ വളർച്ചയുടെ പാതയിലെ ഒരു നാഴികക്കല്ലായി മാറാൻ സാധിക്കട്ടെ.**

**സൈന ഒ വി**
**ഹെഡ് മിസ്ട്രസ്സ്**

# CONTENTS

# സ്പന്ദനം


| PAGE | CONTENT |
|---|---|
| 2 | എഡിറ്റോറിയൽ |
| 4 | സെമിനാർ |
| 5 | സ്പന്ദനം പ്രകാശനം |
| 6 | ഫോട്ടോഗ്രഫി എന്ന കല |
| 7 | ഫോട്ടോ ഗാലറി |
| 8 | എന്റെ ഹൃദയം പറഞ്ഞത് |
| 9 | യാചകനും കള്ളനും |
| 10 | യാത്രയ്ക്കിടയിലെ അപരിചിതൻ |
| 12 | വെളിച്ചം |
| 13 | മിന്നാമിനുങ്ങിന്റെ പകലുകൾ |
| 14 | NOBEL PRIZES |
| 19 | ഫ്ളഡ് മാപ്പിങ് |
| 21 | എന്നിലെ ഞാൻ |
| 22 | TEACHERS CORNER |
| 23 | സ്കൂൾ ചരിത്രം |
| 24 | അടുക്കള വിശേഷം |
| 25 | കസ്റ്റംസ് കേഡറ്റ് കോർപ്സ് |
| 27 | വെള്ളത്തിന്റെ ശക്തി |
| 29 | പ്രളയരക്ഷാപ്രവർത്തനങ്ങൾ |
| 30 | PARENTS CORNER |
| 32 | കളിയല്ല കാര്യം |
| 33 | ചുണക്കുട്ടികളുടെ പരിശീലനം |
| 34 | IT EVENTS 2018 |
| 35 | OUR FACILITIES |
| **37** | GALLERY |




ഒരുമ കുട്ടികളുടെ സെമിനാർ



നിങ്ങൾ ഭാഗ്യം ചെയ്ത തലമുറ




ഫോട്ടോഗ്രഫി എന്ന കല




ഇന്റർവ്യൂ



കഥ




നോബൽ സമ്മാനങ്ങൾ



ഫ്ളഡ് മാപ്പിങ്

**CCC UNIT**



**SPORTS**





# "ഒരുമ 2019 " കുട്ടികൾ അവതരിപ്പിച്ച സെമിനാർ

പ്രളയം പഠിപ്പിച്ച ചില പാഠങ്ങളുണ്ട് ... പ്രകൃതിയും മനുഷ്യനും തമ്മിലുള്ള , മനുഷ്യനും മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ഒരു ബന്ധത്തിന്റെ പാഠം . പ്രകൃതിയെ പാടേ മറന്നുകൊണ്ടുള്ള മനുഷ്യന്റെ പുരോഗതി അവന്റെ അടിവേരിളക്കാൻ പോന്ന ഒന്നാണെന്ന ഓർമ്മപ്പെടുത്തലാണ് ഈ പ്രളയം .. പ്രകൃതി എന്നും ഇങ്ങനെയാണ് , അതിന് ഒന്നിനോടും പ്രതിപത്തിയില്ല , മനുഷ്യനെന്നോ മൃഗമെന്നോ ഉള്ള പരിഗണനയില്ല ... അതിജീവനത്തിന്റെ നാൾ വഴികളിൽ നാമാവശേഷമായ എത്രയെത്ര ജീവിവർഗ്ഗങ്ങൾ ... അതിലൊന്നു മാത്രമായി നാം മാറാതിരിക്കണമെങ്കിൽ പ്രകൃതിയെ തൊട്ടറിഞ്ഞു തന്നെ നാം മുന്നോട്ടു പോയേ തീരൂ . പരിസ്ഥിതിലോല പ്രദേശങ്ങളിലെ അധിനിവേശങ്ങളും , വിഭവശേഷിയെ അമിതമായി തുരന്നെടുത്തു തീർക്കുന്നതും , മണ്ണും പുഴയും കടലും ശൂന്യാകാശം പോലും മാലിന്യങ്ങൾകൊണ്ടു നിറയ്ക്കുന്നതും നാം നിയന്ത്രിച്ചേ മതിയാകൂ .. അല്ല എങ്കിൽ , ദിനോസറുകളെപ്പോലെ , മാമ്മത്തുകളെപ്പോലെ മറ്റനേകം ജീവികളെപ്പോലെ മനുഷ്യനും , വെറും ഫോസിൽ മാത്രമായി അവശേഷിക്കാൻ അധികകാലം വേണ്ടിവരില്ല എന്ന ഭീതിജനകമായ തിരിച്ചറിവ് നമുക്കോരോരുത്തർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു . മനുഷ്യനെ മനുഷ്യനാക്കിയ ഒരു മഹാപ്രളയമാണ് നമ്മുടെ കൺമുന്നിലൂടെ കടന്നു പോയത് . മതം, ജാതി , രാഷ്ട്രീയം, ലിംഗം , ഭാഷ എന്നീ അതിർവരമ്പുകൾ ഭേദിച്ച് കുതിച്ചൊഴുകിയെത്തിയ ജലം കേരളജനതയുടെ മനസ്സിനെ കഴുകി വെടിപ്പാക്കിയ വർഷമായിരുന്നു 2018 .. ആ വെടിപ്പിലേക്ക് ഇനിയും വിഷം കുമിഞ്ഞുകൂടാൻ നാം വഴിയൊരുക്കരുത് .. കുമിഞ്ഞു കൂട്ടാൻ നാം ഒരു ശക്തിയെയും അനുവദിക്കരുത് .. ഈയൊരു ഓർമ്മപ്പെടുത്തലാണ് ഒരുമ എന്നു പേരിട്ട ഈ പ്രബന്ധാവതരണത്തിലൂടെ പറവൂർ girls and boys മുന്നോട്ടു വച്ചത് . പ്രളയത്തിന്റെ കാരണങ്ങൾ , നഷ്ടങ്ങൾ , പുനരധിവാസ പ്രവർത്തനങ്ങൾ എന്നീ മൂന്നു ഘട്ടങ്ങളിലൂടെ കടന്നു പോകുന്ന ഈ സെമിനാർ ഒൻപത് ഉപവിഷയങ്ങളിലൂടെ സമഗ്രമായൊരു റിപ്പോർട്ട് ആണ് പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിച്ചത് . മോഡറേറ്റർമാരായി മാസ്റ്റർ രാഹുലും കുമാരിഅഞ്ജലിയും പ്രേക്ഷകർക്ക്മുന്നിലെത്തുമ്പോൾ തങ്ങളുടെ പ്രബന്ധങ്ങളുമായി 9 കുട്ടികളും അവരുടെ സാങ്കേതികസഹായികളായി മറ്റു 9 കുട്ടികളും സ്റ്റേജിൽ തിളങ്ങി. പ്രളയത്തിൽ ഏറ്റവും നാശനഷ്ടങ്ങൾ ഏറ്റുവാങ്ങിയ എറണാകുളം ജില്ലയിലെ , പറവൂർ പട്ടണനിവാസികൾക്ക് അറിവിന്റെ പുതിയൊരു വാതായനം തുറന്നിടുകയാണ് ഞങ്ങളിവിടെ . അതിലേക്ക് ഉൽഘാടകനായി എത്തിയത് എറണാകുളം ജില്ലയെ പ്രതിനിധീകരിച്ച് സംസ്ഥാന യുവജനോത്സവത്തിൽ പങ്കെടുത്ത തേവയ്ക്കൽ വി എച് എസ ഹൈ സ്കൂളിലെ മാസ്റ്റർ അനുഗ്രഹ് വി കെ ആണ്.






# നിങ്ങൾ ഭാഗ്യം ചെയ്ത തലമുറ

**പു**തുതലമുറ ഭാഗ്യം ചെയ്തവരെന്നും തന്റെ കുട്ടിക്കാലത്ത് "സ്പന്ദനം" പോലൊരു ഡിജിറ്റൽ മാസിക സ്വപ്നം പോലും കാണാൻ സാധിച്ചിട്ടില്ലെന്നും ദേശീയ അവാർഡ് ജേതാവും പറവൂർ ബോയ്സിലെ പൂർവ്വവിദ്യാർത്ഥിയുമായ പ്രശസ്ത നടൻ ശ്രീ സലിം കുമാർ. സ്പന്ദനത്തിന്റെ ആദ്യ പ്രതിയുടെ ഹാർഡ് കോപ്പി പ്രകാശനം ചെയ്തുകൊണ്ടു സംസാരിക്കുകയായിരുന്ന അദ്ദേഹം. താൻ പഠിച്ച വിദ്യാലയത്തെക്കുറിച്ച വാചാലനായ അദ്ദേഹം സ്പന്ദനത്തിന്റെ ആദ്യപ്രതി പൂർവ്വവിദ്യാർത്ഥിയും സ്കൂളിന്റെ അഭ്യുദയകാംക്ഷിയുമായ ശ്രീ നാരായണൻ അവർകൾക്കു കൈമാറിക്കൊണ്ടാണ് മാസിക പ്രകാശനം ചെയ്തത്. ചടങ്ങിൽ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായ മുനിസിപ്പൽ ചെയർമാൻ ശ്രീ രമേശ് ഡി കുറുപ്പ് ,വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ശ്രീ ഡെന്നി തോമസ് എന്നിവർ പങ്കെടുത്തു.



GHSS NORTH PARAVUR PUBLICATIONS
NOVEMBER 2018

Volume 1, Issue 1, NOVEMBER 2 ,2018 | സ്പന്ദനം | www.govtboysnorthparavur.ml

തീ പടർത്താനുപയോഗിച്ച കമ്പോകൊള്ളിയോ കത്തിത്തീർന്നാലും തീ പിന്നെയും പടർന്നു കൊണ്ടിരിക്കും. അഗ്നിബാധയിൽ, ഒരു പക്ഷെ ചിന്തയുടെ അഗ്നിബാധയിൽ ആത്മനാശത്തിന്റെ അംശമുണ്ട് അതിനർത്ഥം , നിങ്ങൾ മറ്റുള്ളവരിൽ പടരുന്നു എന്നോ സ്വയം ഇല്ലാതായിത്തീർന്നിട്ട് മറ്റുള്ളവരിൽ ജീവിക്കുന്നു എന്നോ ആണ് . അതൊരു സാഫല്യമാണ് ......

എം എൻ വിജയൻ

ചീഫ് എഡിറ്റർ : എവിൻ അംബ
ഡെപ്യൂട്ടി എഡിറ്റർ : സഞ്ജയ് എസ് മണി
സബ് എഡിറ്റർ :വിവേക് ഭാസ്ക്കർ

എഡിറ്റോറിയൽ ബോർഡ്

ഉണ്ണികൃഷ്ണൻ പി ആർ
പാർത്ഥിവ് എസ്

ആശംസ
നഗരസഭാചെയർമാൻ ശ്രീ രമേശ് ഡികുറുപ്പ്

പറവൂർ ബോയ്സ് അവതരിപ്പിക്കുന്ന സ്കൂൾ മാസിക എന്ന പുതുസംരംഭം ഒരു പൂർവ്വവിദ്യാർത്ഥിയായ എനിക്ക് ഏറെ സന്തോഷം നൽകുന്നു. ഈ വിദ്യാലയത്തിന്റെ ഓരോ സ്പന്ദനവും നമ്മുടെ സമൂഹത്തിന്റെ മുന്നിലേക്ക് അക്ഷരങ്ങളായും വർണ്ണങ്ങളായും പടർന്നിറങ്ങട്ടെ എന്നാശംസിക്കുന്നു.

എഡിറ്റോറിയൽ

ജീവിക്കാൻ എഴുത്തും വായനയും വേണ്ടാതാകുന്നതിനിടയിൽ, ഭാവനയുടെ ഒരുതുവി കൗമാരത്തിന്റെ ചിന്തകളിലേക്ക് ഒഴുകി ഇറങ്ങാൻ അവസരമൊരുക്കിയവരേ...
വായനയുടെ ഈ നിറങ്ങൾ നിങ്ങളെ മത്തു പിടിപ്പിക്കാതിരിക്കട്ടെ..
പറവൂരിന്റെ പ്രൗഢിയും പൈതൃകവും യുവത്വത്തിന്റെ ഓരോ സിരയിലും

പ്രളയത്തിൽ കൈത്താങ്ങായി പറവൂർ ബോയ്സ്

1





# ഫോട്ടോഗ്രഫി എന്ന കല വെറും ഷട്ടർ ബട്ടൺ അമർത്തലല്ല

## ഡോ.മനോജ് ബ്രൈറ്റ്



ജൂലൈ ആദ്യവാരമാണ് പറവൂർ ബോയ്സിൽ ഫോട്ടോഗ്രാഫി ക്ലബ് ആരംഭിക്കുന്നത് . കൈറ്റിൽ നിന്നുമുള്ള ഡി എസ് എൽ ആർ ക്യാമറ സ്വപ്നം പോലുംകാണുന്നതിന് മുൻപ് . ഓരോ ക്ലാസ്സിൽ നിന്നും ഫോട്ടോഗ്രാഫിയിൽ താല്പര്യമുള്ള രണ്ടു കുട്ടികൾ വീതമുള്ള ക്ലബ്ബിൽ ആകെ 18 അംഗങ്ങൾ . ആദ്യ മത്സരം "പ്രകൃതി" എന്ന വിഷയത്തെക്കുറിച്ചായിരുന്നു . സാധാരണ സ്മാർട്ട് ഫോണിൽ എടുത്ത ഫോട്ടോ , എഡിറ്റിംഗ് ചെയ്യാതെ ക്ലബ്ബിന്റെ വാട്ട് സ് ആപ്പ് ഗ്രൂപ്പിൽ നിശ്ചിതസമയത്തിനുള്ളിൽ പോസ്റ്റ് ചെയ്യാനായിരുന്നു നിർദ്ദേശം. ജഡ്ജസ് പാനൽ നയിച്ചത് അഞ്ചു ടീച്ചർമാരും പ്രശസ്ത ഫോട്ടോഗ്രാഫർ ഡോ മനോജ് ബ്രൈറ്റും ആയിരുന്നു . അദ്ദേഹത്തിന്റെ ജഡ്ജ്മെന്റ് എല്ലാ അംഗങ്ങൾക്കും അറിവും പ്രചോദനവുമായിരുന്നു . ഫോട്ടോ എഡിറ്റിംഗ് എങ്ങനെ കാര്യക്ഷമമായി നിർവ്വഹിക്കും എന്നദ്ദേഹം വളരെ വിശദമായി ക്ലാസ് എടുക്കുകയും ഓരോ ഫോട്ടോയും വിശദമായ പഠനത്തിന് വിധേയമാക്കുകയും ചെയ്തു . ഒരു വയലിൻ വാങ്ങുന്ന വ്യക്തി വയലിന്റെ ഉടമസ്ഥൻ മാത്രമേ ആകുന്നുള്ളൂ, ഒരിക്കലും ഒരു വയലിൻ വിദ്വാൻ ആകണമെന്നില്ല എന്നതുപോലെ ഒരു ക്യാമറ വാങ്ങുന്ന വ്യക്തി ഒരിക്കലും ഒരു നല്ല ഫോട്ടോഗ്രാഫർ ആകണമെന്നില്ല എന്നും ഒരു നല്ല ഫോട്ടോഗ്രാഫർ ആകാൻ എന്തെല്ലാം പ്രാരംഭനടപടികൾ മനസ്സിലുറപ്പിക്കണമെന്നും ഡോ. മനോജ് വിശദീകരിച്ചു. ക്യാമറ ക്ലിക്ക് ചെയ്യുന്നതിന് മുൻപ് ഫൈനൽ പ്രോഡക്റ്റ് എപ്രകാരമുള്ളതായിരിക്കണമെന്ന പ്രീ വിഷ്വലൈസേഷൻ ഓരോ ഫോട്ടോഗ്രാഫേർക്കും ഉണ്ടായിരിക്കണമെന്ന് മനോജ് ബ്രൈറ്റ് പറയുന്നു . റോ ഫോർമാറ്റിൽ EXPOSE TO THE RIGHT എന്ന ടെക്നിക് ഉപയോഗിച്ച് മനോഹരമായ ചിത്രങ്ങൾ എടുക്കാമെന്നും അൻസൽ ആഡംസ് ന്റെ "ദി നെഗറ്റീവ്"എന്ന പുസ്തകം ഒരു ഫോട്ടോഗ്രാഫർക്ക് വളരെ ഗുണം ചെയ്യും എന്നുമദ്ദേഹം അഭിപ്രായപ്പെട്ടു .







*അൻസൽ ആഡംസ്*
*അദ്ദേഹത്തിന്റെ പുസ്തകം*
*ദി നെഗറ്റീവ്*

- ഫോട്ടോഗ്രഫി ക്ളബ്ബ് അംഗങ്ങൾ,
GHSS N PARAVUR







# ഫോട്ടോഗ്രഫി ക്ളബ്ബ്



ഫോട്ടോഗ്രാഫി ക്ലബ് നടത്തിയ ഒന്നാമത്തെ സ്റ്റിൽ ഇമേജ് മത്സരത്തിൽ സമ്മാനാർഹമായ ചിത്രങ്ങൾ ഒന്നാം സമ്മാനം സൂര്യദേവ് രണ്ടാം സമ്മാനം ഷാൽവിൻ ജോൺ മൂന്നാം സമ്മാനം മുഹമ്മദ് അലി

മറ്റ ചിത്രങ്ങൾക്ക് കടപ്പാട് ധീരജ് കൃഷ്ണ , അഭിജിത്







# എന്റെ ഹൃദയം പറഞ്ഞത്...

## ഷാജി

- സഞ്ജയ് എസ് മണി

നൂറ്റാണ്ട് കണ്ട മഹാപ്രളയത്തിൽ ആയിരങ്ങൾക്ക് കൈത്താങ്ങായ രക്ഷാപ്രവർത്തകരിൽ പ്രമുഖരാണ് കേരളത്തിന്റെ സ്വന്തം സേന എന്ന വിശേഷണമുള്ള നമ്മുടെ മത്സ്യത്തൊഴിലാളി സഹോദരങ്ങൾ . പറവൂർ മേഖലയിൽ രക്ഷാപ്രവർത്തനങ്ങ ൾക്ക് നേതൃത്വം വഹിച്ച ശ്രീ ഷാജിയാണ് പ്രളയാനുഭവങ്ങൾ പങ്കുവയ്ക്കാൻ നമ്മോടൊപ്പം ചേരുന്നത് . നമ്മുടെ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും ഇവിടെ പഠിക്കുന്ന ആറാം ക്ലാസ് വിദ്യാർത്ഥിയായ സാബിത്തിന്റെ പിതാവുമാണ് ശ്രീ ഷാജി

**രക്ഷാപ്രവർത്തനങ്ങൾക്ക് അങ്ങ് സ്വന്തം വള്ളമാണോ ഉപയോഗിച്ചത് ?**

സ്വന്തം വള്ളം ഉപയോഗിച്ച് തുടങ്ങിയ രക്ഷാപ്രവർത്തനം വലിയ ഒരു വള്ളത്തിലേക്ക് മാറ്റേണ്ടി വന്നു . നിമിഷം പ്രതി വെള്ളത്തിൽ മുങ്ങിയവരുടെ എണ്ണം കൂടി വന്നു .

**അങ്ങ് ഒറ്റയ്ക്കായിരുന്നോ ?**

അല്ല എന്റെ കൂടെ കോഴിക്കോട് sdpi പ്രവർത്തകർ രണ്ടുപേരുണ്ടായിരുന്നു. പിന്നെ വാണിയക്കാടുള്ള ഒരു പട്ടാളക്കാരനുണ്ടായിരുന്നു.

**പോലീസ് ഉണ്ടായിരുന്നോ ?**

ഇല്ല അവരെ കണ്ടില്ല .

**രക്ഷിച്ചവരുടെ പ്രതികരണം എന്തായിരുന്നു?**

അവരുടെ മുഖത്തെ സന്തോഷവും ആശ്വാസവും എനിക്ക് മറക്കാൻ പറ്റില്ല.

**പിന്നീട് അവർ ആരെങ്കിലും തേടി വന്നോ?**

ഇല്ല ഒരാളും വന്നില്ല എന്ന് മാത്രമല്ല നേരിട്ട് കണ്ടാൽ വഴിമാറി പോകാൻ തുടങ്ങി.

**താങ്കൾക്ക് അവരുടെ ഈ അവഗണനയിൽ ദുഖമുണ്ടോ ?**

ഒട്ടുമില്ല ഞാൻ എന്റെ ഹൃദയം പറഞ്ഞത് ചെയ്തു എനിക്ക് സന്തോഷവും സംതൃപ്തിയും കിട്ടി

**അന്നത്തെ അനുഭവം ഒന്ന് കൂടി ഓർക്കാമോ ?**

ബുധനാഴ്ച രണ്ടാം നിലയിൽ നിന്നവർ എത്ര വിളിച്ചിട്ടും രക്ഷപെടാൻ കൂട്ടാക്കിയില്ല എന്നാൽ വ്യാഴാഴ്ച രാത്രി ചിത്രം മാറി , ചുറ്റും നിന്ന് കരച്ചിൽ മാത്രം എന്റെ സഹോദരൻ വണ്ടിയിൽ വള്ളം എത്തിക്കാൻ പറ്റുന്ന അത്രയും കൊണ്ട് വന്നു
പിന്നീട വള്ളത്തിൽ എല്ലാവരെയും രക്ഷപ്പെടുത്തി

**ഞങ്ങൾക്കുള്ള അങ്ങയുടെ ഉപദേശം എന്താണ് ?**

സഹായം അഭ്യർത്ഥിച്ച ആര് വന്നാലും സാഹചര്യം മനസ്സിലാക്കി നമ്മെത്തന്നെ മറന്നു അവരെ സഹായിക്കുക ഒന്നും തിരിച്ച് പ്രതീക്ഷിക്കാതിരിക്കുക

**അങ്ങയോട് വാക്കുകൾ ഞങ്ങൾ ഓരോരുത്തരെയും കടമ നിർവ്വഹിക്കാൻ പ്രാപ്തരാക്കും എന്ന് വിശ്വസിക്കുന്നു വളരെ നന്ദി**

എന്റെ വിദ്യാലയത്തിൽ തിരികെ വന്നു ഇങ്ങനെ ഒരു അഭിമുഖം തരാൻ കഴിയുമെന്ന് വിചാരിച്ചില്ല ഈ മാഗസിൻ സ്കൂളിന്റെ കണ്ണാടിയാകട്ടെ എന്നാശംസിക്കുന്നു , നന്ദി .

# യാചകനും കള്ളനും

**ചെറുകഥ**



ഒരിടത്ത് വയസ്സായ ഒരു യാചകനുണ്ടായിരുന്നു. യാചിച്ച് കിട്ടുന്ന പണം കൊണ്ടാണ് അയാൾ വിശപ്പ് അകറ്റിയിരുന്നത്. എല്ലാ ദിവസവും വൈകുന്നേരം ഭിക്ഷക്കെട്ട് കരയിൽ വച്ച് കുളിക്കുകയാണ് പതിവ്. ഒരു ദിവസം കുളി കഴിഞ്ഞ് നോക്കിയപ്പോൾ ഭിക്ഷക്കെട്ടിലെ പണം കാണുന്നില്ല. അന്ന് അയാൾ പട്ടിണി കിടന്നു. പിറ്റേ ദിവസം അയാൾ കുളിക്കുവാൻ ഇറങ്ങിയപ്പോൾ ഒരു കള്ളൻ വന്ന് അയാളുടെ ഭിക്ഷക്കെട്ട് തപ്പുന്നത് കണ്ടു. യാചകൻ പതിയെ കള്ളന്റെ അടുത്തേക്ക് ചെന്നു. കൈയിലെ പണം കാണിച്ചുകൊണ്ട് "ഇതാ, ഇതല്ലേ താങ്കൾ അന്വേഷിക്കുന്നത്. ഇതെടുത്തുകൊള്ളൂ, ഞാൻ ഭിക്ഷ യാചിക്കുന്നതും നീ കക്കുന്നതും ഒരു കാര്യത്തിന് വേണ്ടിയാണ്. ആഹാരം കഴിക്കുവാൻ വേണ്ടി." യാചകൻ പറഞ്ഞത് കേട്ട് കള്ളന്റെ കണ്ണ് നിറഞ്ഞു. അയാൾ പണം വാങ്ങാതെ തിരിഞ്ഞ് നടന്നു. പിന്നീട് അവൻ ഒരിക്കലും കട്ടിട്ടില്ല. നല്ല രീതിയിൽ ജോലി ചെയ്ത് പണം ഉണ്ടാക്കി കുടുംബത്തോടൊപ്പം ജീവിച്ചു. യാചകന് എല്ലാ ദിവസവും ഭക്ഷണം കൊടുക്കുകയും ചെയ്തു.

DEVJITH S
8B





# യാത്രയ്ക്കിടയിലെ അപരിചിതൻ

**നീണ്ടകഥ**

**പാർത്ഥിവ് സി.എസ്**
**9 B**

തണുത്ത പ്രഭാതം. തിരക്കിലേക്ക് ന്യൂയോർക്ക് നഗരം വഴുതി വീഴുന്നതേയുള്ളൂ. എതിരേ വീശുന്ന പൊടിക്കാറ്റിനേയും മുകളിലിരുന്ന് തന്നെ നോക്കി ചിലയ്ക്കുന്ന പക്ഷികളെയും വകവയ്ക്കാതെ അയാൾ നടന്നു. ഇടയ്ക്കിടെ അയാൾ പരവശനായി വാച്ചിലേക്ക് നോക്കുന്നുണ്ടായിരുന്നു. നിരാശയുടെയും പ്രതീക്ഷയുടെയും ദീർഘനിശ്വാസങ്ങൾ അയാളുടെ മുഖത്ത് മാറിമാറി നിന്നു. നമ്മുടെ ഈ കഥാനായകന്റെ പേര് 'ഫെബിൻ', അമേരിക്കയിൽ ഡോക്ടറാണ്. താൻ ജീവനതുല്യം സ്നേഹിക്കുന്ന തന്റെ അമ്മ തന്നോട് അത്യാവശ്യമായി നാട്ടിലേക്ക് വരാൻ ആവശ്യപ്പെട്ടു. അതിനായുള്ള യാത്രയിലാണയാൾ. പക്ഷെ മൂടൽമഞ്ഞ് കാരണം ഫ്ലൈറ്റ് കാൻസൽ ചെയ്തിരുന്നു. അതിന്റെ നിരാശയിലാണയാൾ. എങ്കിലും അവസാന ശ്രമമെന്നവണ്ണം കപ്പൽമാർഗ്ഗം നാട്ടിലെത്താൻ ഫെബിൻ തീരുമാനിച്ചു. അങ്ങനെ ആദ്യമായാണ് കപ്പൽയാത്ര എങ്കിലും ആശ്ചര്യം പുറത്ത് കാണിക്കാതെ അയാൾ കാബിനിലിരുന്നു. കപ്പൽ പുറപ്പെടാറായി. തന്റെ അടുത്തുള്ള സീറ്റിന്റെ അവകാശിഅപ്പോഴേക്കും അവിടെയെത്തി. മനസ്സിലൂടെ പോകുന്ന ചിന്തകൾക്ക് വിരാമമിട്ടുകൊണ്ട് ഫെബിൻ ഒരു നിമിഷം അയാളിലേക്ക് നോക്കി. പുഞ്ചിരിക്കുന്ന വെളുത്തമുഖം, കറുത്ത തലമുടി. രൂപവർണ്ണന പൂർത്തിയാക്കും മുൻപേ അയാൾ ഫെബിന് തന്റെ വലതുകരം നീട്ടികൊണ്ട് പറഞ്ഞു. “ഞാൻ ജോസഫ്. തന്റെ പേരെന്താ? നാട്ടിലെവിടെയാ? ” .തന്റെ സഹയാത്രികൻ മലയാളിയാണെന്നറിഞ്ഞപ്പോൾ സ്വർഗ്ഗം കിട്ടിയ സന്തോഷമായിരുന്നു ഫെബിന്. തിരിച്ച് പരിചയപ്പെടുത്താൻ ഫെബിൻ മറന്നില്ല. ഫെബിന്റെ

അന്ധാളിപ്പ് മാറും മുൻപേ ജോസഫ് ഒരുപാട് കാര്യങ്ങൾ പറഞ്ഞ് തീർത്തിരുന്നു. ഇരുവരും പെട്ടെന്ന് തന്നെ ചങ്ങാതികളായി. ജോസഫിന്റെ കോട്ടയം ഭാഷാശൈലി എറണാകുളംകാരനായ ഫെബിന് കൗതുകമായി. തന്റെ വീട് കോട്ടയത്താണെന്നും താൻ അമേരിക്കയിൽ ഒരു കമ്പനിയയിൽ ജോലി ചെയ്യുകയാണെന്നും, പൈസ സമ്പാദിച്ച് തന്നെയും കുടുംബത്തെയും കടക്കെണിയിൽപ്പെട്ടത്തിയ നാട്ടിലെ മുതലാളിയുടെ കടം തീർക്കാനുമാണ് താൻ നാട്ടിൽ പോകുന്നതുമെന്നും ജോസഫ് ഫെബിനോട് പറഞ്ഞു. നാല് ദിവസത്തെ യാത്ര പെട്ടെന്ന് കഴിഞ്ഞതായി ഫെബിന് തോന്നി. തന്റെ ചങ്ങാതിയെ പിരിയുന്ന വിഷമം ഇരുവരിലും ഉണ്ടായിരുന്നു. വിവാഹത്തിന് എന്തായാലും ക്ഷണിക്കും എന്ന ഫെബിന്റെ ഉറപ്പോടെ ഇരുവരും പിരിഞ്ഞു. രണ്ട് വർഷത്തിന് ശേഷം നാട് കാണുന്ന സന്തോഷത്തിലുപരി ജോസഫിനെക്കുറിച്ചുള്ള ചിന്തകളായിരുന്നു. തനിക്ക് ഭക്ഷണം പങ്ക് വച്ചതും, ചങ്ങാതിയുടെ വാക്ക് ലംഘിച്ച് അമരത്ത് ചെന്ന് കാൽ വഴുതി കടലിൽ വീണപ്പോൾ സാഹസികമായി തന്നെ രക്ഷിച്ചതും, തന്റെ ഭാവിവധുവിന് വിവാഹാശംസകൾ നേർന്നതും അങ്ങനെയെല്ലാം. വീട്ടിലെത്തി അമ്മയുടെ സുഖവിശേഷങ്ങൾ ചോദിക്കുന്നതിനേക്കാൾ കൂടുതൽ ജോസഫിന്റെ കാര്യങ്ങളായിരുന്നു ഫെബിൻ പറഞ്ഞിരുന്നത്. അമ്മ തന്റെ കല്ല്യാണം ഈ മാസാവസാനം നിശ്ചയിച്ചിരിക്കുന്നു അറിയിച്ച് ക്ഷണിക്കാൻ ആദ്യം അന്വേഷിച്ചത് ജോസഫിനെയായിരുന്നു. മൊബൈലിൽ വിളിച്ചിട്ട് കിട്ടുന്നില്ല. നേരിട്ട് പറയാനുള്ള സമയവും ഉണ്ടായിരുന്നില്ല. അതിനാൽ തന്നിരിക്കുന്ന വിലാസത്തിൽ ഫെബിൻ ജോസഫിന് കല്ല്യാണക്കുറി അയച്ചു. വരുമെന്ന് കരുതി, പക്ഷെ ജോസഫിനെ കണ്ടില്ല. മനോഹരമായി സംസാരിക്കുകയും തന്റെ ഭർത്താവിന്റെ ജീവൻ രക്ഷിക്കുകയും ചെയ്ത വ്യക്തിയെ കാണാനുള്ള താത്പര്യം ഭാര്യയായ 'അന്ന'യ്ക്കും ഉണ്ടായിരുന്നു. കല്ല്യാണം കഴിഞ്ഞ് പിറ്റേ ആഴ്ച്ച ഇരുവരും ചേർന്ന് ജോഫിനെ കാണാൻ പുറപ്പെട്ടു. തന്ന വിലാസത്തിൽ തപ്പിപിടിച്ച് ചെന്ന അവർ നന്നേ വലഞ്ഞു. അവർക്ക് കണ്ടെത്താനായത് ഒരു ജീർണിച്ച ചെറുവീടായിരുന്നു. ആൾതാമസം ഉണ്ടെന്ന് ആരും പറയാത്ത ആ വീട് നന്നേ പഴയതായിരുന്നു. കുടിക്കിടക്കുന്ന ചവറുകൂമ്പാരങ്ങൾക്ക് മുകളിലൂടെ അവർ നടന്ന് വാതിലിൽ മുട്ടി. വൃദ്ധയായ ഒരു സ്ത്രീ ആയിരുന്നു വാതിൽ തുറന്നത്. ആകാംഷയോടെ ഫെബിൻ ചോദിച്ചു,"ഇത് ജോസഫിന്റെ വീടല്ലേ? "
" അതെ. ജോസഫിന്റെ അമ്മയാ". വൃദ്ധ മറുപടി പറഞ്ഞു.

തെല്ല് സന്തോഷത്തോടെ ഫെബിൻ ചോദിച്ചു,"ജോസഫ് എവിടെ? അവനെ ഞാൻ കല്ല്യാണത്തിന് ക്ഷണിച്ചിരുന്നു. കണ്ടില്ലല്ലോ? " . പറഞ്ഞു തീരും മുൻപേ ആ വൃദ്ധ കരഞ്ഞുതുടങ്ങി. എന്താണ് കാര്യം എന്നറിയാതെ ഫെബിനും അന്നയും വിഷമിച്ചു. ആ വൃദ്ധ അവരെ അകത്തേക്ക് ക്ഷണിച്ചു.മേശപ്പുറത്തിരിക്കുന്ന തന്റ കല്ല്യാണക്കുറിയിൽ ഫെബിന്റെ കണ്ണുകൾ ഉടക്കി. മുകളിലിരിക്കുന്ന പൊടിപിടിച്ച ഫോട്ടോയിൽ ചൂണ്ടികാണിച്ചുകൊണ്ട് വൃദ്ധ ചോദിച്ചു,"ഇതല്ലേ നിങ്ങൾ പറഞ്ഞ ജോസഫ് ? " .
"അതെ " അവൻ മറുപടി പറഞ്ഞു.
"എന്റെ മകൻ മരിച്ചിട്ട് മൂന്ന് വർഷമായി".
ഇരുവരു ഞെട്ടിത്തരിച്ചുകൊണ്ട് അവിടെ നിന്നു.
"മാന്യമായി ജീവിച്ചിരുന്നതാ. ഇവിടത്തെ ഒരു മുതലാളി ഞങ്ങളെ ചതിച്ച് കടക്കാരനാക്കി. അയാളുടെ കടം തീർക്കാനായി എന്റെ മകൻ വിദേശത്ത് രാപ്പകൽ അധ്വാനിച്ച് പൈസ സമ്പാദിച്ച് അയച്ചു. പക്ഷെ അയാൾ വീടും സ്ഥലവും തരാൻ കൂട്ടാക്കിയില്ല. ഇതിനിടെ അവന്റെ സമ്പാദ്യമാരോ മോഷ്ടിച്ചു. പിന്നീട് കപ്പലിൽ നിന്ന് ചാടി ആത്മഹത്യ ചെയ്ത അവന്റെ ശരീരം മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ ".
ഞെട്ടിത്തരിച്ച് നിന്ന പോയ അവൻ വൈകുന്നേരം പോകുന്നതിന് മുൻപ് ആ വൃദ്ധയോട് ചോദിച്ചു."അയാളുടെ കടം ഞാൻ തീർക്കട്ടെ?
വൃദ്ധ മറുപടി പറഞ്ഞു,"അതിനി ആവശ്യം വരുമെന്ന് തോന്നുന്നില്ല. ആ മുതലാളി കഴിഞ്ഞ മാസം കൊല്ലപ്പെട്ടു. ആരോ വെള്ളത്തിൽ തള്ളിയിട്ടതാ. ഇനി എന്തായാലും ഈ വീട്ടിൽ കഴിയാം" .
അന്ന അത് ശരിവച്ച് കുറച്ച് പൈസ ആ വൃദ്ധയുടെ കൈകളിൽ തിരുകി.
"ഈ ജോസഫ് ശരിക്കും ആരാണ് ? ഇവർ പറയുന്നത് പോലെ വർഷങ്ങൾക്ക് മുൻപ് മരിച്ചയാൾ എങ്ങനെ എന്റെയൊപ്പം അന്ന് യാത്ര നടത്തി? അയാൾ എന്തിന് തന്റെ ജീവൻ രക്ഷിച്ചു? എന്തായിരുന്നു അയാൾക്ക് എന്നെക്കൊണ്ടുള്ള ആവശ്യം", അങ്ങനെ  ഉത്തരം  കിട്ടാത്ത അനവധി ചോദ്യങ്ങളുമായി ഫെബിൻ ആ പടികളിറങ്ങി. ഇരുട്ടിലെവിടെയോ രണ്ട് കണ്ണുകൾ അയാളെ വീക്ഷിക്കുന്നുണ്ടായിരുന്നു.



## <u>വെളിച്ചം</u>
**(കഥ)**

"അപ്പൂ...............അപ്പൂ ..."
അമ്മയുടെ വിളികേട്ടാണ് അപ്പൂ ഉറക്കത്തിൽ നിന്ന് എഴുന്നേറ്റത് .ഇന്ന് ആദ്യമായ് കോളേജിൽ പോകുന്നതിനെക്കുറിച്ച് ആലോചിച്ച് ഏറെ വൈകിയാണ് കിടന്നതു . അതുകൊണ്ടുതന്നെ നേരം വെളുത്തത് അപ്പൂ അറിഞ്ഞില്ല .'അമ്മ വിളിച്ചപ്പോൾ തന്നെ എണ്ണീറ്റു കുളിച്ചു ഭക്ഷണം കഴിച്ചു കോളേജിൽ പോകാൻ യാത്രയായി . നഗരത്തിൽ നിന്നും വളരെ അകലെയാണ് അപ്പുവിന്റെ ഗ്രാമം . മുത്തശ്ശി ഞാൻ കോളേജിൽ പോയ്യിട്ടുവാരം " മുത്തശ്ശിയോട് യാത്ര ചോദിച്ചു അപ്പൂ വഴിയിലേക്ക് ഇറങ്ങി.
"ചേട്ടാ മിന്നിക്കണേ "
മിന്നുമോൾ പറഞ്ഞതുകേട്ട് ഒന്നും പറയാതെ അപ്പൂ നടന്നു . ബസ്സിൽ ഇരിക്കുമ്പോഴും അപ്പുവിന്റെ ചിന്ത പുതിയ കോളേജിനെക്കുറിച്ചായിരുന്നു .അപ്പൂ ബസ്സിറങ്ങി കോളേജില്ലേക്ക് നടന്നു . അവിടെ ചെന്നപ്പോൾ ഒരു കൂട്ടം മുതിർന്ന കുട്ടികൾ ചേർന്ന് അപ്പുവിനെ റാഗ്ചെയ്യതിനു ശേഷമാണ് ക്ലാസ്സിൽ പോകാൻ അനുവദിച്ചത് .അപ്പു പഠിക്കാൻ മിടുക്കനാണ് . അതുകൊണ്ടുതന്നെ അപ്പു ആ കോളേജിലെ ഏറ്റവും നന്നായിപഠിക്കുന്ന കുട്ടിയായി .കോളേജിൽ എല്ലാ കാര്യത്തിലും അവൻ താരമായി അങ്ങനെയിരിക്കെ കോളേജിലെ ഏതാനും സീനിയേഴ്സുമായി അപ്പു കൂട്ടായി .ഒരുദിവസം അവർ അവന്നെ പുറത്തേക്കെന്നു പറഞ്ഞു കൊണ്ടുപോയ്യി അവർ അവനെ ലഹരിമരുന്ന് ഉപയോഗിക്കാൻ പ്രേരിപ്പിച്ചു അങ്ങനെ അവൻ വളരെ പെട്ടെന്ന് ലഹരിവസ്തുക്കൾക്കു അടിമയായി .അതവന്റെ പഠനത്തെയും ചിന്താശക്തിയെയും ബാധിച്ചു. അങ്ങനെയിരിക്കെ അവനെയും കൂട്ടാളികളെയും മയക്കുമരുന്ന് കൈയിൽ വച്ചതിനു പോലീസ് അറസ്റ്റ് ചെയ്തു . ഇതിനിടയിൽ മയക്കുമരുന്നിന്റെ അമിതഉപയോഗത്താൽ അവൻ ഒരു കാൻസർ രോഗിയായി .ആശുപത്രിയിലായതിനുശേഷം അപ്പു ലഹരി ഉപയോഗം നിറുത്തി .ഇപ്പോൾ അപ്പു കോളേജ് വിദ്യാർത്ഥികളെ മയക്കുമരുന്നിൽ നിന്നും പിന്തിരിപ്പിക്കാൻ രാപകൽ ശ്രമിക്കുന്നു. പക്ഷെ കാൻസർ അവനോടു കൂടുതൽ കൂട്ടുകൂടിക്കൊണ്ടിരിക്കുന്നു. സ്വന്തം ജീവൻ ബലികഴിക്കും വരെ യുവാക്കളെ വെളിച്ചത്തേയ്ക്ക് കൊണ്ടുവരുന്ന ആ മഹത്തായ ഉദ്യമം ചെയ്യാൻ ജഗദീശ്വരൻ അവനെ അനുഗ്രഹിക്കട്ടെ .



വിവേക് ഭാസ്കർ , **9B**



# മിന്നാമിനുങ്ങിന്റെ പകലുകൾ

## മിന്നാമിനുങ്ങിന്റെ പകലുകൾ

പുഴയിൽ
നിലാവുതെളിയുമ്പോഴാണ്
പക്ഷികൾ ചില്ലെന്ന കൂട്ടിലേക്ക് ചിറകുമടക്കി ഒതുങ്ങുന്നത്...
മിന്നാമിനുങ്ങിനെ മോഹിച്ച
ഇല്ലിക്കാട്ടുകൾ
കാറ്റിലാടി കഥപറയുമ്പോഴാണ്
പ്രണയമഴ തോരാതെ പെയ്തത്...

പുറകിലോട്ട് പാഞ്ഞ കാലത്തെ
കടങ്കഥക്കുള്ളിൽ ഒളിപ്പിച്ചതാണ്
ഇരുളിൽ മാഞ്ഞുപോയ മിന്നാമിനുങ്ങുകൾ....
ക്ലാവും, കരിയുംപുരണ്ട
ജീവിതത്തിലേക്ക് വീണ്ടും
പറന്നെത്തിയ കാറ്റാണ്
വീണ്ടും വെയിൽ തരികൾ
വാരി ത്രുകിയത്.....
പതുക്കെ കാലടികളിൽ
പതിച്ചുകൊണ്ട് നിശബ്ദമായിതേങ്ങിയ മിന്നാമിനുങ്ങിന്
കർക്കിട മഴയിൽ അലിഞ്ഞ
മഞ്ഞ വർണ്ണമായിരുന്നു....


തുറക്കപ്പെട്ട ജാലകവാതിലുകളിൽ
മൗനം കനത്ത
മേഘപ്പെരുമ്പറകളുടെ
താണ്ഡവ മേളത്തിൽ
പകലിൽ വെന്ത ശരീരത്തെ
മറക്കാനാവാതെ
ഒരു മിന്നാമിനുങ്ങ്
ഒതുക്കത്തിൽ തേങ്ങി....



Muhammed Hafis Jamal
10 B



# 28 [TH] NOBEL PRIZES




*History of nobel prize is called as the history of the worlds most famous prizes. So the importance of this award is crystal clear. Winning a Nobel prize is a life changing honour . The award brings with its world wide recognition that highlights ones work that provides funds to continue and further the mission . The winner gets the title Nobel Laureate for the rest of his life . I would like to go further concentrating on the present scenario of Nobel laureates .*

*Evin Amba*
*Chief Editor*
*Spandanam*

## MEDICINE





**JAMES P ALLISON**
**TASUKU HONJO**

For their discovery of cancer therapy by inhibition of negative immune regulation.

**In 1977, Allison and a colleague, G. N. Callahan, reported in a letter to Nature that they had found evidence that the immune system was prevented from attacking cancer cells due to antigens' association with additional proteins. Finding the factors that inhibited the immune attack on cancer has been key to developing checkpoint-blockade cancer immunotherapies.**

**In 1992, Honjo discovered a protein on immune cells and, after careful exploration of its function, eventually revealed that it operates as a brake on the immune system. Therapies based on his discovery proved to be strikingly effective in the fight against cancer.**

# CHEMISTRY



FRANCES H.ARNOLD

**Arnold is credited with pioneering the use of directed evolution to create enzymes (biochemical molecules—often proteins—that catalyse or speed up, chemical reactions) with improved and/or novel functions she has used directed evolution to design enzymes that can be used to produce renewable fuels and pharmaceutical compounds with less harm to the environment.**

"

GEORGE P. SMITH



**George P Smith displayed peptideson filamentous phage by fusing the peptide of interest onto gene III of filamentous phage. He was awarded the 2018 Nobel prize in Chemistry for this work, sharing his prize with Gregory P Winter  and Francis Arnold.**



SIR. GREGORY P. WINTER


**He became interested in the idea that all antibodies have the same basic structure, with only small changes making them specific for one target Winter then pioneered a technique to "humanise" mouse monoclonal antibodies; a technique that was used in the development of Campath-1H by the Laboratory of Molecular Biology and University of Cambridge scientists. This antibody now looks promising for the treatment of multiple sclerosis.**

**PHYSICS**

# NOBEL STRIKES FOR LASER PHYSICS

*Ashkin was honored for his invention of 'optical tweezers' that grab particles, atoms, viruses and other living cells with their laser beam fingers. With this he was able to use the radiation pressure of light to move physical objects, 'an old dream of science fiction'.*

*-The Royal Swedish Academy of Sciences .*



ARTHUR ASHKIN

*Strickland's recent work has focused on pushing the boundaries of ultrafast optical science to new wavelength ranges such as the mid infraredand the ultraviolet using techniques such as two-colour or multi-frequency methods, as well as Raman generation. She is also working on the role of high-power lasers in the microcrystalline lens of the human eye, during the process of micromachining of the eye lens to cure presbiopia.*



DONA STRIKELAND

# PEACE FOR THE FIGHTERS


NADIYA MURAD
DENIS MUKWEGE



*On 16 December 2015, Murad briefed the United Nations security Council on the issue of human trafficking and conflict. This was the first time the Council was ever briefed on human trafficking. As part of her role as an ambassador, Murad will participate in global and local advocacy initiatives to bring awareness of human trafficking and refugees. Murad reached out to refugee and survivor communities, listening to testimonies of victims of trafficking and genocide.*



*Denis Mukwege is a gynaecologist from Congo. Since he founded Panzi Hospital ,it has treated more than 82,000 patients with complex gynaecological damage and trauma, an estimated 60 percent of injuries has been caused by sexual violence. Most of the patients of that time were coming from conflict zones.*



**POUL M ROMER**

# NOBEL PRIZES FOR ECONOMICS

A NEW STEP IN ENVIRONMENTAL ECONOMICS




**WILLIAM D NORDHUA**

*“If we are to obtain accurate estimates of the growth of real incomes over the last century, we must somehow construct price indexes that account for the vast changes in the quality and range of goods and services that we consume, that somehow compare the services of horse with automobile, of Pony Express with facsimile machine, of carbon paper with photocopier, of dark and lonely nights with nights spent watching television, and of brain surgery with magnetic resonance imaging"*

*WILLIAM D NORDHUAS*

*"How knowledge can function as a driver of long-term economic growth had not modelled how economic decisions and market conditions determine the creation of new technologies. Paul Romer solved this problem by demonstrating how economic forces govern the willingness of firms to produce new ideas and innovations."*




# ഫ്ളഡ് മാപ്പിങ്ങ്

ഒരു ഭൂപ്രദേശത്തെ ഭൂമിയുടെ ഘടന, സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം , നദീതടങ്ങളിൽ നിന്നുള്ള ദൂരം എന്നിവയെ അടിസ്ഥാനമാക്കി ഗണിത സമവാക്യങ്ങളുടെ സഹായത്തോടെ തയ്യാറാക്കുന്ന സാങ്കേതിക വിദ്യയാണ് ലളിതമായി പറഞ്ഞാൽ ഫ്ലഡ് മാപ്പിംഗ് . ഒരു പ്രദേശത്തെ ഫ്ലഡ് മാപ് തയ്യാറാക്കാൻ അനവധി ദത്തങ്ങൾ ആവശ്യമാണ് . ജിയോളജിക്കൽ വകുപ്പ്, ജിയോഗ്രഫി വകുപ്പ് ,ആർക്കിയോളജിക്കൽ വകുപ്പ് ,എൻ ഡി എം എ , എൻ ആർ എസ് സി തുടങ്ങി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള ഒരു പ്രവർത്തനത്തിന്റെ ആകെത്തുകയാണ് ഒരു ഫ്ലഡ് മാപ്പ്. ശേഖരിക്കുന്ന ദത്തങ്ങളെ ഡിസിഷൻ മാറ്റർ എന്നാണ് പറയുക . ഒരു ഭൂപ്രദേശത്തെ മണ്ണിന്റെ ഘടന, ഭൂമിയുടെ ചരിവ് , ജനസംഖ്യ , കൃഷി , ഭൂമിയുടെയും ജലാശയങ്ങളുടെയും വിസ്തൃതി , ഡാമുകളുടെയും റിസെർവോയറുകളുടെയും സമീപത്തുനിന്നുള്ള അകലം തുടങ്ങിയവയാണ് ഡിസിഷൻ മാറ്റർ ആയി പരിഗണിക്കുന്നത് . ഇവയെ വീണ്ടും ഉപദത്തങ്ങളായി തരം തിരിച്ച് വെക്റ്റർ ഗണിത സമീകരണത്തിന്റെ സഹായത്തോടെ ലെവൽ 1 ,ലെവൽ 2, ലെവൽ 3 എന്നിവ തയ്യാറാക്കുന്നു. ഇവയെ റിലേറ്റീവ് ഇംപോർട്ടന്റ് വെയിറ്റ് (RIW) എന്നു വിളിക്കുന്നു. GIS (ജിയോ ഗ്രാഫിക് ഇന്ഫോം) സിസ്റ്റത്തിന്റെ പരിധിയിൽ സാറ്റലൈറ്റ് ചിത്രങ്ങളും വരുന്നു. ശേഖരിച്ച ദത്തങ്ങൾ ഉപയോഗിച്ച് ഫ്ലഡ് ഹസാഡ് ഇൻഡക്സ് (FHI) എന്ന സമീകരണം

തയ്യാറാക്കുക എന്നതാണ് മാപ്പിങ്ങിന്റെ അവസാന പടി . ഇതിനായി

$$FHI= €^{N}_{i=1} \; [(RIW_{1}^{2)}) x (RIW_{ij}^{3})]$$


എന്ന ഗണിതസമവാക്യം ഉപയോഗിക്കുന്നു.

ഇതിൽ നിന്ന് ലഭിക്കുന്ന വിലകളാണ് ഹിസ്റ്റോഗ്രാം തയ്യാറാക്കാൻ ഉപയോഗിക്കുക . ഈ മാപ്പ് പ്രളയ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ എല്ലാ അധികാര സ്ഥാപനങ്ങളിലേക്കും കൊടുക്കേണ്ടതാണ് . പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികൾ തുടങ്ങിയ ഭരണ സംവിധാനങ്ങൾ ഈ മാപ്പ് ഉപയോഗപ്പെടുത്തി പ്രളയ സാധ്യത തിരിച്ചറിഞ്ഞാലുടൻ ആളുകളെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിയാൽ ദുരന്തത്തിന്റെ കാഠിന്യം ഒരളവുവരെ കുറയ്ക്കാൻ സാധിക്കും .

(ജനുവരി 12 ന സ്കൂളിൽ നടത്തിയ "ഒരുമ 2019" എന്ന സെമിനാറിൽ ഞാനവതരിപ്പിച്ച പ്രബന്ധത്തിന്റെ ഭാഗമാണ് ഈ ലേഖനം)

അശ്വിൻ കെ പി
9B






# എന്നിലെ ഞാൻ

കവിത

തുളുമ്പുന്ന  മിഴികളിൽ ആരെ തിരയുന്നു
കാണുന്നു ഇന്നലെ  കണ്ട കിനാവ് മാത്രം
ഇറ്റിറ്റു വീഴുന്ന കണ്ണുനീർ തുള്ളികൾ
വെമ്പലായ് എന്നുമെൻ നെഞ്ചിനുള്ളിൽ
വിതുമ്പുന്ന മൊഴികളിൽ ആരെ തിരയുന്നു
കേൾക്കുന്നു പാരിലെ ആ നിശ്ശബ്ദം
ഇടറുന്ന നെഞ്ചിനു കാവലായ് നിന്നു നീ
എരിയുന്ന വേദനയ്ക്കരികിൽ ഇരിക്കുവാൻ
മൂകാനുവാദം ചോദിക്കയാണ് ഞാൻ
നിന്നിലെ നൻമയാം ജീവനോട്
തിരികെ മടങ്ങുവാൻ സമയമായി
എന്നുമെൻ ഓർമ്മകൾ നിന്റെ മിഴികൾ
മാത്രം ..

കണ്ണൻ  സോമൻ
(10B)





# TEACHER'S CORNER

എറണാകുളത്തു നടന്ന അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ വച്ചാണ് ഞാൻ അവനെ കണ്ടത്.ഏറ്റവും കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിക്കുള്ള സമ്മാനം അവനായിരുന്നു. സംഘാടകർ അവൻ ഒരു അനാഥനാണെന്ന് പരിചയപ്പെടുത്തി.മുഷിഞ്ഞ യൂണിഫോമിൽ വേദിയിലിരുന്ന ആ കുട്ടി നിസ്സംഗനായിരുന്നു. പുസ്തകങ്ങൾ സൂക്ഷിക്കാൻ ഒരിടമില്ലാതിരുന്ന അവന് ഒരു പാട് പേർ പുസ്തകങ്ങൾ സമ്മാനിച്ചു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽ സജി കണിച്ചാർ എഴുതിയ 'ചോക്കുപൊടി ' പംക്തിയിലൂടെയാണ് ആ കുഞ്ഞ് അധ്യാപകരെ അനുസരിക്കാത്തവനും ധിക്കാരിയും പ്രശ്നക്കാരനുമാണെന്ന് അറിഞ്ഞത്. എനിക്കത് കണ്ണീരോടെയല്ലാതെ വായിക്കാനായില്ല. മാതൃഭൂമിക്ക് വേദനയോടെയാണ് ഒരു കത്തെഴുതിയത്. പ്രസിദ്ധീകരിക്കുമെന്ന് കരുതിയില്ല; പ്രസിദ്ധീകരിക്കാനായിരുന്നുമില്ല. കത്ത് പ്രസിദ്ധീകരിച്ച ആഴ്ചപ്പതിപ്പിന് നന്ദി. നമ്മുടെ സ്കൂളുകളിൽ ഇത്തരത്തിലുള്ള ധാരാളം കുട്ടികളുണ്ട്. അച്ഛനില്ലാത്തവർ... അമ്മയില്ലാത്തവർ.... അച്ഛനമമ്മയും ഉപേക്ഷിച്ചവർ... മുത്തശ്ശിയും മുത്തശ്ശനും നോക്കുന്ന കുട്ടികൾ .... അച്ഛനമ്മമാർ ശ്രദ്ധിക്കുന്ന കുട്ടികൾ പോലും ഇന്ന് പലവിധ പിരിമുറുക്കങ്ങൾ അനുഭവിക്കുകയും കൗൺസിലിംഗ് വേണ്ടി വരുകയും ചെയ്യുമ്പോൾ കുടുംബ പ്രശ്നങ്ങളുള്ള ഈ കുട്ടികൾ കുഞ്ഞു മനസ്സിൽ ഒരു പാട് വ്യഥകൾ പേറുന്നവരാണ്. 9, 10 ക്ലാസ്സുകളിൽ എത്തുമ്പോൾ വരുന്ന ശാരീരിക മാനസിക മാറ്റങ്ങൾ വേറെയും. ഈഗോകളെല്ലാം മാറ്റി വച്ച് ഏറ്റവും കരുതലോടെ വാത്സല്യത്തോടെ അധ്യാപകർ ഇവരെ സമീപിക്കേണ്ടിയിരിക്കുന്നു. അധ്യാപകരെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ഒരു കൗൺസിലറുടെ തസ്തിക എല്ലാ സ്കൂളിലും വേണ്ടിയിരിക്കുന്നു.




**റംല വി എം**

HSA MALAYALAM




# സ്കൂൾ ചരിത്രം
# പറവൂർ ഗവ.ബോയ്സ്HSS



തിരുവിതാംകൂറിലെ ആദ്യകാല ഹൈസ്കൂളുകളിൽപ്പെടുന്ന പറവൂർ ഗവ.ബോയ്സ് ഹൈസ്കൂൾ. 'RV ഇംഗ്ലീഷ് ഹൈസ്കൂൾ ' എന്ന രാജകീയ നാമധേയം ഈ സ്കൂളിന്റെ പൂമുഖത്തെ ഇന്നും അലങ്കരിക്കുന്നു. 1872-ൽ W.R.J ലാൻസ് ബെക്ക് സ്കൂൾ സ്ഥാപിച്ചു. എലിമെന്ററി സ്കൂളായാണ് തുടക്കം.1897 ൽ ഹൈസ്കൂളായി മാറി. ശ്രീമാൻ ശ്രീനിവാസ അയ്യരായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. പിന്നീട് R ഈശ്വര പിള്ള ഹെഡ്മാസ്റ്ററായി. പറവൂർ കണ്ണൻകുളങ്ങര ക്ഷേത്രസമീപത്തു നിന്നും 1905 ൽ സ്കൂൾ പറവൂർ നഗരമധ്യത്തിലേക്കു മാറി. തിരുവിതാംകൂറിലെ തന്നെ ഏറ്റവും മികച്ച അധ്യാപകനായി ഈശ്വരപ്പിള്ള അറിയപ്പെട്ടു. 3000 – ത്തി ലധികം കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. വിദ്യാർത്ഥികൾ തിങ്ങിനിറഞ്ഞതിനാൽ സ്കൂൾ, ബോയ്സ് എന്നും ഗേൾസ് എന്നും രണ്ടായി തിരിച്ചു. വളരെ പ്രശസ്തമായിരുന്നു ഇവിടത്തെ സ്കൂൾ ലൈബ്രറി . പ്രശസ്തരായ പ്രഥമാധ്യാപകർ സ്കൂളിന്റെ യശസ്സ് വാനോളം ഉയർത്തി. യു രാമകൃഷ്ണ കുക്കിലിയ, ഐ.ഇട്ടി, കെ സുബ്രമഹ്ണ്യയ്യർ, എം.രാമൻ നമ്പീശൻ, കെ .കുഞ്ഞൻപിള്ള, ശങ്കരനാരായണയ്യർ, വി.രാമകൃഷ്ണപിള്ള, യഹൂദവംശജനായ എം.എം ടിഫ്രത്ത്, എം.അമ്മിണി തമ്പാട്ടി, കെ നാരായണപിള്ള, കെ.എ.ജോസഫ്, ആർ ചന്ദ്രശേഖരപിള്ള, എ.കെ ദാമോദരപിള്ള, ടി.കെ ഗംഗാധരൻ നായർ, ജോസഫ് ജോൺ, കെ.ഭാസ്കരൻ നായർ. എൻ.എൻ അച്ചുത ഷേണായി, എന്നിവർഅവരിൽചിലരാണ്.

സാമൂഹ്യ–രാഷ്ട്രീയ–കലാ–സാഹിത്യരംഗങ്ങളിൽ കൊടിനാട്ടിയ പലരും ഈ വിദ്യാലയത്തിന്റെ സന്തതികളാണ്. സഹോദരൻ അയ്യപ്പൻ, നാലാങ്കൽ കൃഷ്ണപിള്ള, പ്രൊഫ.എം .കൃഷ്ണൻ നായർ, പി കേശവദേവ്, വി.ആർ പ്രബോധചന്ദ്രൻ നായർ, ആനന്ദ ശിവറാം, കേന്ദ്ര മന്ത്രിയായിരുന്ന ലക്ഷ്മീ എൻ മേനോൻ ,കെ.എ ദാമോദരമേനോൻ,പഴമ്പള്ളിഅച്യുതൻ, ദാമോദരക്കുറുപ്പ് ,കെ .പി ശാസ്ത്രി, ശങ്കരയ്യർ, വിശ്വനാഥയ്യർ, ബാലചന്ദ്രൻ ചുള്ളിക്കാട് , സലിം കുമാർ അങ്ങനെ നീളുന്നു പട്ടിക. പരിസരങ്ങളിൽ സ്വകാര്യ സ്കൂളുകളുടെ കടന്നു വരവും CBSE സിലബസും മറ്റും മൂലം കുട്ടികൾ കുറഞ്ഞു.2009 ൽ കേവലം 60 കുട്ടികൾ മാത്രമായ സ്കൂളിൽ ഇന്ന് 250ഓളം വിദ്യാർത്ഥികളുണ്ട്. ഹൈസ്കൂളിൽ മലയാളം, ഇംഗ്ലീഷ് മീഡിയങ്ങളിലായി രണ്ടു വീതം ഡിവിഷനുകളുണ്ട്. ഇവിടത്തെ അധ്യാപകരുടെ ആൺമക്കളെല്ലാം ഈ സ്കൂളിൽ പഠിക്കുന്നു. ഈ സർക്കാർ കലാലയം അതിന്റെ സുവർണ്ണകാലത്തെ വീണ്ടെടുത്തു കൊണ്ടിരിക്കുന്നു.



ഗവ ബോയ്സിലെ  അടുക്കള

# അടുക്കള വിശേഷം

ശുചിത്വവും ആധുനികതയും ഇഴ ചേരുന്ന പറവൂർ ബോയ്സിലെ അടുക്കള വ്യത്യസ്തങ്ങളായ രുചിക്കൂട്ടുകളാൽ സമൃദ്ധമാണ്. സ്കൂളിലെ എല്ലാ കുട്ടികൾക്കും ഒന്നിച്ചിരുന്ന് ആഹാരം കഴിക്കാൻ സൗകര്യമുള്ള ഊട്ടുപുര ഹാൾ ഈ സ്കൂളിന്റെ മാത്രം സവിശേഷതയാണ്.



ഊട്ടുപുര

# കസ്റ്റംസ് കേഡറ്റ് കോർപ്സ്

*പറവൂർ ബോയ്സ് കസ്റ്റംസ് കേഡറ്റ് കോർപ്സ് യൂണിറ്റിനെക്കുറിച്ചുള്ള സമഗ്ര ലേഖനം*

**അ**ച്ചടക്കവും, ദേശീയബോധവും കൈമുതലായുള്ള ഒരു പുതു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യയുടെ സാമ്പത്തിക അതിർത്തി കാക്കുന്ന കസ്റ്റംസ് ഡിപ്പാർട്ട് മെന്റിന്റെ സഹകരണത്തോടെ കസ്റ്റംസ് കേഡറ്റ്സ് ആരംഭിച്ചത്.

കേരളത്തിലെ ആദ്യ യൂണിറ്റ് ആരംഭിച്ചത് മരട് മാങ്കായിൽGHS, തൃപ്പൂണിത്തുറ Palace GHS എന്നിവയിൽ സംയുക്തമായാണ് . രണ്ടാമത്തെ യൂണിറ്റ് എറണാകുളം ജില്ലയിലെ നാല് ഗവ സ്കൂളുകളിൽ ആരംഭിച്ചു , അതിലൊന്നാണ് പറവൂർ ഗവ ബോയ്സ് .

2016_17 അധ്യയന വർഷത്തിലാണ് ഗവ.ബോയ്സിൽ CCC യൂണിറ്റ് ആരംഭിച്ചത്. കേഡറ്റ്സിന്റെ സർവ്വതോന്മുഖമായ വികസനം മുൻനിർത്തി ധാരാളം പരിശീലന പരിപാടികളാണ് CCC കുട്ടികൾക്കായി നടപ്പാക്കുന്നത് .



കേരളത്തിലെ രണ്ടാമത്തെ CCC യൂണിറ്റ് ആണ് പറവൂർ ബോയ്സ്

എല്ലാ ശനിയാഴ്ച്ചകളിലും മികച്ച ട്രെയിനർമാരുടെ നേതൃത്വത്തിൽ പരേഡ് നടത്തുന്നു.

ആശയ വിനിമയ ശേഷി വർധിപ്പിക്കുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും, ശാസ്ത്രാഭിരുചി വർധിപ്പിക്കുന്നതിനായി സയൻസ് ക്ലാസ്സുകളും എല്ലാ ആഴ്ച്ചയിലും നൽകി വരുന്നു. ജീവിതത്തിന്റെ ഉയർന്ന തലങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന തൊഴിൽ രംഗങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് കരിയർ ഗൈഡൻസ് ക്ലാസ്സുകളും കേഡറ്റ് സിന് നൽകി വരുന്നു.


കസ്റ്റംസിന്റെ കൃത്യനിർവ്വഹണ മേഖലകളായ എയർ പോർട്ട്, മറ്റു പോർട്ടുകൾ, കണ്ടെയ്നർ ടെർമിനൽ , എൽ.എൻ.ജി. ടെർമിനൽ എന്നിവ സന്ദർശിക്കാനും കസ്റ്റംസ് എങ്ങിനെ പ്രവർത്തിക്കുന്നു എന്ന് കാണാനുമുള്ള അവസരം എല്ലാ വർഷവും CCC കേഡറ്റുകൾക്കു ലഭിക്കുന്നു.

# പറവൂർ ബോയ്സ് സിസിസി യൂണിറ്റ് ജൈത്രയാത്ര തുടരുന്നു

ഈ യാത്രകളുടെടെ ഭാഗമായി ഇന്ത്യയിലെ ഏറ്റവും വലിയ യുദ്ധക്കപ്പലുകളായ INS വിക്രമാദിത്യ,INS വിരാട് , ലാൽ ബഹദൂർ ശാസ്ത്രി കണ്ടെയ്നർഷിപ്പ്, ലക്ഷദ്വീപിലേക്കുള്ള യാത്രാ കപ്പലുകളായ MV കവരത്തി,MV കോറൽസ്,MV ലഗ്ഗൂൺസ്, എന്നിവയിലേക്ക് നടത്തിയ യാത്രകൾ അവസ്മരണീയമാണ്.

***2017 ,2018 എന്നീ വർഷങ്ങളിൽ കാക്കനാട് കളക്ടറേറ്റിൽ നടന്ന റിപബ്ളിക് ദിനപരേഡിൽ മികച്ച പ്ളാറ്റൂായി പറവൂർ ഹബ്ബ് തെരഞ്ഞെടുക്കപ്പെട്ടു***






**2018 അന്താരാഷ്ട്ര കസ്റ്റംസ് ദിനത്തിൽ മികച്ച കേഡറ്റായി തെരഞ്ഞെടുക്കപ്പെട്ട മാസ്റ്റർ ഉണ്ണികൃഷ്ണൻ പി ആർ അവാർഡ് ഏറ്റുവാങ്ങുന്നു. (താഴെ). അതേ വർഷം തന്നെ മികച്ച CCC കോ ഓർഡിനേറ്ററായി പറവൂർ ബോയ്സിലെ ശ്രീമതി മിനി ടീച്ചറും മൊമെന്റോ ഏറ്റുവാങ്ങി.**







എല്ലാ വർഷവും തെരഞ്ഞെടുക്കപ്പെട്ട സീനിയർ വിദ്യാർത്ഥികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 2017 മെയ്യിൽ നടത്തിയ തിരുവനന്തപുരം ക്യാമ്പിൽ വെച്ചാണ് കേരളത്തിലെ മികച്ച ശിൽപ്പി കളിലൊന്നായ കാനായി കുഞ്ഞിരാമനെ കാണാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ടായത്. ഔദ്യോഗിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ. ഋഷിരാജ് സിംഗ്IPS, ശ്രീ.മുഹമ്മദ് ഹനീഷ് IAS, ശ്രീ.അനീഷ് രാജൻIRS ,ശ്രീമതി. അമൃത ടൈറ്റസ്IRS തുടങ്ങി ഒട്ടേറെ പ്രമുഖരെ പരിചയപ്പെടാൻ ഈ സംരംഭം വിദ്യാർത്ഥികൾക്ക് അവസരം ഒരുക്കുന്നു. മുൻ കസ്റ്റംസ് കമ്മീഷണറും ഇപ്പോൾ നോർക്ക ചെയർമാനുമായ ഡോ.കെ രാഘവനാണ് ഈ സംരംഭത്തിന്റെ മാർഗ്ഗദർശി. കസ്റ്റംസ് സൂപ്രണ്ട് ശ്രീ.കെ.സി.എസ് പ്രശാന്ത് ,അസി.കമ്മീഷണർ' മായാ ചന്ദ്രൻ ശ്രീ' ജെയ്സൺ എന്നിവരെല്ലാം ഇതിന് നേതൃത്വം നൽകി വരുന്നു.

ഉണ്ണിക്കൃഷ്ണൻ പി ആർ
CCC സീനിയർ കേഡറ്റ്



# വെള്ളത്തിന്റെ ശക്തി

(ചെറുകഥ)

ചെറുകഥ

**അ**ന്ന് ഒരു ഞായറാഴ്ച ആയിരുന്നു. അതിരാവിലെ എഴുന്നേൽക്കാൻ പറ്റിയിരുന്നില്ല. നല്ല തണുപ്പായിരുന്നു. പുതച്ച് കിടക്കാൻ സുഖം. വേഗം പള്ളിയിൽ പോണം. അല്ലെങ്കിൽ ചിലപ്പോ അമ്മച്ചി വെള്ളം തലയിലൊഴിക്കും. മനസ്സില്ലാമനസ്സോടെ എണീറ്റ് പുറത്തേക്ക് നോക്കി. നല്ല മഴയുണ്ട്. ഇന്നലെ പേടിച്ചാണ് കിടന്നുറങ്ങിയത്. ഇടിമിന്നലും മഴയും കാറ്റും... കറന്റില്ലാത്ത രാത്രി എങ്ങോട്ട് പോകുമെന്ന് മനസ്സിൽ ഓർത്തുപോയി. കൂട്ടുകാരെക്കുറിച്ച് മനസ്സിൽ ഓർത്തുപോയി. രണ്ട് ദിവസം മുമ്പ് കണ്ടതാ. എവിടെയാണോ ആവോ.....

അന്ന് ഞങ്ങളെല്ലാവരും മീൻ പിടിക്കാൻ പോയി. ഞാൻ ഓർത്തു. മൈദയിട്ട് ചൂണ്ടക്കൊളുത്ത് മീൻ പിടിക്കാനായി വെള്ളത്തിൽ ഇട്ടു. വെള്ളത്തിന് ഉപ്പ് ഒട്ടും ഇല്ലെന്ന് തിരയടിയിൽ അറിയാം. പെട്ടെന്ന് എന്റെ ചൂണ്ടക്കൊളുത്ത് നീങ്ങുന്നു. മീൻ തന്നെ... ഒറ്റ വെട്ടിക്കൽ. പള്ളത്തി കുഞ്ഞിനെ ഞാൻ വലിച്ചെടുത്തു. പക്ഷേ, പെട്ടെന്ന് പിടിവിട്ട് പള്ളത്തി പുഴയരികിലേക്ക് ചാടി. പിടിക്കാനായി ചെന്ന കൂട്ടുകാരന്റെ കാലുമ്മേൽ മുരിങ്ങ കൊണ്ട് മുറിഞ്ഞു. നിറയേ ചോര വന്നു. ഞങ്ങളെല്ലാവരും അവനെ പിടിച്ച് എഴുന്നേൽപ്പിച്ച് ഒരു പൈപ്പിൻ ചോട്ടിലെത്തിച്ച് വെള്ളം മുറിവിൽ ഒഴിച്ചു. ചോര വെള്ളത്തിൽ കലർന്ന് ഒഴുകുന്നു. ആ വീട്ടിലെ വല്ല്യമ്മ ഓടിവന്ന് ചോദിച്ചു:
" എന്താ മോനേ...എന്താ പറ്റിയേ.. ? പൈപ്പ് തുറന്ന് കിടക്കുന്നതെന്താ... "

"കാഴ്ച തീരെ ഇല്ലല്ലേ"
ഞാൻ ചോദിച്ചു.
നടന്നതെല്ലാം പറഞ്ഞപ്പോൾ ആ വല്ല്യമ്മ മരുന്ന് എടുത്ത് തന്നു. ആ വല്ല്യമ്മ പറഞ്ഞു
" നേരം ഉച്ച പന്ത്രണ്ട് ആയി..ഇനി വീട്ടിൽ പൊക്കോ..നിന്നെയൊക്കേ അന്വേഷിക്കില്ലേ?"
ഞാൻ ഓർത്തു. പെട്ടെന്ന് അപ്പൻ വിളിച്ചു.
"നീ പള്ളീൽ പോണില്ലേ ?" .
" ആ "
ഞാൻ പ്രതിവചിച്ചു. അങ്ങനെ നിൽക്കുമ്പോഴആണ് അപ്പന്റെ ഫോൺ റിങ് ചെയ്തത്.
ടീം....ടീം....
അപ്പനെടുത്തു.
"ആണോ... എങ്ങനെ.... എന്ത് ചെയ്തു... ഇപ്പോ എവിടേ ?" എന്ന് മറുപടി പറയുന്നത് ഞആൻ കേട്ടു. പിന്നെ എല്ലാം പെട്ടെന്നായിരുന്നു.
"ഡാ... വണ്ടീടെ താക്കോൽ എടുക്ക്. "
"എന്താ അപ്പച്ചാ"
ഞാൻ ചോദിച്ചു. വേഗം വണ്ടി സ്റ്റാർട്ടാക്കി അപ്പൻ എന്നേം കൂട്ടി പോയി. വഴിയിൽ വച്ച് സൂരജ് ഏട്ടനേയും ഉമ്മറിക്കയേയും വണ്ടീൽ കേറ്റി. എന്റെ അങ്കിളിന്റെ വീട്ടിൽ വെള്ളം കയറി, എത്രയും വേഗം എത്തണമെന്നായിരുന്നു സന്ദേശം. പോകുന്ന വഴിയിൽ തോട്ടിലും ആറിലും വെള്ളം കവിഞ്ഞൊഴുകുന്നു. റോഡിൽ ചില സ്ഥലത്ത് വെള്ളം.
ഗോതുരുത്താണ് വീട്. അവർ ഒരു പാലത്തിന്റെ ഇറക്കിൽ നിൽപ്പുണ്ട്. വണ്ടി പകുതിയ്ക്ക് വച്ച് നിർത്തേണ്ടി വന്നു. ഇനിയുള്ള വഴി അരക്കൊപ്പം വെള്ളം. ഞങ്ങൾ നടന്ന് നീങ്ങി. വഴി ഏതെന്നറിയില്ല. തോടോ പുഴയോ ഉണ്ടോ എന്നറിയില്ല. ഫോണിൽ ചുമപ്പ കട്ടയിൽ ചാർജ്. അവരെ കണ്ടു. അങ്കിളും ഭാര്യയും പിന്നെ രണ്ട് മക്കളും. അവരുടെ മുഖം വളരെ വിളർത്തിരിക്കുകയാണ്. ഉറങ്ങാത്തതിനാൽ കണ്ണ് കറുത്തിരിക്കുന്നു. പെട്ടെന്ന് ഒരു ഫോൺകോൾ... അപ്പന്റെ കൂട്ടുകാരനാണ്. അപ്പൻ ഒന്ന് വിയർത്തു. കണ്ണ് പുറത്തേക്ക് നീണ്ടു.
"എന്താണ് അപ്പാ " ഞാൻ ചോദിച്ചു.
"നമ്മുടെ വീടിന്റെ രണ്ടാം പടി വരെ വെള്ളം കയറി. തിരിച്ചുപോകൽ നടക്കില്ല."

ഇത് കേട്ട് എല്ലാവരും ഒരു നിമിഷം മൗനമായി. എന്ത് ചെയ്യണമെന്നറിയാതെ എല്ലാവരും പരസ്പരം നോക്കി. പെട്ടെന്ന് ഫോണിലെ അവസാന കട്ട ചാർജ്ജും തീർന്നു......

ജുവൽ തോമസ്
9 ബി



# പ്രളയരക്ഷാ പ്രവർത്തകർ (ലേഖനം)

**2018 ൽ ജൂലയ്–ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ഡാമുകളുടെ ഓറഞ്ച്–റെഡ് അലർട്ടുകൾ പ്രഖ്യാപിച്ചു. ആഗസ്റ്റ് മാസത്തിൽ ചില ദിവസങ്ങളിൽ മിക്ക ഡാമുകളുടെയും ഷട്ടറുകൾ തുറക്കുകയുണ്ടായി. ആഗസ്റ്റ് 15ന് ബ്രിട്ടീഷുകാരിൽ നിന്ന് ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടിയ ദിനത്തിൽ വെളുപ്പിന് ഒന്നരയ്ക്ക് തന്നെ ഡാമുകളുടെ ഷട്ടറുകൾ കൂടുതൽ തുറന്നു. പുഴ കവിഞ്ഞ് ഒഴുകി. നേവിക്കാർ, ആർമിക്കാർ എന്നീ സൈനികർ വരെ പോകുവാൻ മടിച്ച നമ്മുടെ കേരളത്തിൽ മത്സ്യത്തൊഴിലാളികൾ ധീരന്മാരായ് രക്ഷാപ്രവർത്തനത്തിന് ഇറങ്ങുകയുണ്ടായി. സ്വന്തം ജീവൻ പോലും വക വെയ്ക്കാതെ ഓരോ വീട്ടിൽ നിന്നും, വെള്ളം കയറിയ ഓരോ ക്യാമ്പിൽ നിന്നും കുട്ടികളെയും , മുതിർന്നവരെയും ജീവനോടെ രക്ഷിച്ചുകൊണ്ടുവന്ന ധീരന്മാരായ മത്സ്യത്തൊഴിലാളികൾക്ക് ഒരു ബിഗ് സല്യൂട്ട്...**

**സ്വന്തം
ജീവൻ
തൃണവൽ
ക്കരിച്ച്
രക്ഷാപ്രവ
ർത്തന
ത്തിൽ
ഏർപ്പെട്ട്
ലോക
ശ്രദ്ധ
ഏറ്റുവാ
ങ്ങിയ
മൽസ്യ
ത്തൊഴി
ലാളി
സഹോദ
രൻ
മലപ്പുറം
സ്വദേശി
ജൈസൽ
കെ പി
(വലത്)**








സൗരവ്
8 B

PARENTS CORNER

# എന്നും ഓർമ്മിക്കാൻ ഒരു ദിനം

കുട്ടികൾ നടത്തിയ സെമിനാറിനെക്കുറിച്ചും സ്കൂളിനെക്കുറിച്ചുമുള്ള അഭിപ്രായം പങ്കുവയ്ക്കുന്നു 9B യിലെ അശ്വിൻ കെ പി യുടെ അമ്മ ശ്രീമതി ഡെക്സി പ്രതാപ്.






ജനുവരി 12 സ്വാമി വിവേകാനന്ദന്റെ ജന്മദിനമാണ്. അത് ആ മഹാത്മാവിനോടുള്ള ആദരസൂചകമായി നാം ദേശീയയുവജനമായി ആഘോഷിക്കുന്നു. ഈ വർഷം ഈ സുദിനം എനിക്കേറെ ആഹ്ലാദം നൽകി. ഈ ദിവസമായിരുന്നു, എന്റെ മകന്റെ വിദ്യാലയമായ പറവൂർ ബോയ്സ് ഹൈസ്കൂളിൽ ഒരു സെമിനാർ നടത്തപ്പെട്ടത്. സമീപകാലത്തെ വൻ ദുരന്തമായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ട പ്രളയം ആയിരുന്നു വിഷയം. പറവൂർ ഗേൾസ് ഹൈസ്കൂളിൽ നിന്നും ബോയ്സിൽ നിന്നും ഒമ്പത് മിടുക്കരായ വിദ്യാർത്ഥിനി വിദ്യാർഥികൾ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഒരു സർക്കാർ വിദ്യാലയവും മുൻകൈ എടുക്കാത്ത ഇത്തരമൊരു വികസനപ്രവർത്തനം ഏറ്റെടുത്ത് തങ്ങളുടെ വിദ്യാർത്ഥികളെ അത് മികവാർന്ന രീതിയിൽ പരിശീലിപ്പിച്ച് അവരെ അതിനു പ്രാപ്തരാക്കിയ സ്നേഹശീലരായ, അർപ്പണബോധമുള്ള പ്രിയ അധ്യാപകർക്ക് എന്റെ നമസ്കാരം, അഭിവാദ്യങ്ങൾ.... സെമിനാർ മികവാർന്ന രീതിയിൽ അവതരിപ്പിച്ച എന്റെ മക്കൾക്ക് ഓരോരുത്തർക്കും അഭിനന്ദനങ്ങൾ... വിദഗ്ധരുടെ ക്ലാസ്സുകൾ നാം കേൾക്കാറുണ്ട്. ആ ക്ലാസുകൾ കഴിഞ്ഞിറങ്ങുമ്പോൾ വെറുതെ സമയം കളഞ്ഞു എന്നാണ് പലപ്പോഴും തോന്നിയിട്ടുള്ളത്. പക്ഷെ ഈ സെമിനാർ കഴിഞ്ഞപ്പോൾ എന്തെന്നില്ലാത്ത സന്തോഷമാണ് തോന്നിയത്.







പൊതുവിദ്യാഭ്യാസത്തിന്റെ മൂല്യങ്ങൾ പകർന്നുകിട്ടാനും ഇന്ന് എന്തെങ്കിലും അറിവുണ്ടെങ്കിൽ അതിന്റെ തുടക്കം  പണ്ടത്തെ പൊതുവിദ്യാഭ്യാസത്തിന്റെ ദാനമാണെന്ന തിരിച്ചറിവുള്ളതുകൊണ്ടും മക്കളെ cbse യിൽ നിന്നും പൊതുവിദ്യാഭ്യാസത്തിന്റെ ധാരയിലേക്ക് കൊണ്ടുവരുമ്പോൾ ചില ലക്ഷ്യങ്ങളും ഉണ്ടായിരുന്നു.  അത് സാർത്ഥകമാകുന്നതിന്റെ ഒരു വലിയ അടയാളമായി ഞാൻ ഈ സെമിനാറിനെ കാണുന്നു.  സന്തോഷത്താൽ മനസ്സും ഹൃദയവും നിറഞ്ഞു. ഒന്നിലും സർക്കാർ വിദ്യാലയങ്ങൾ പുറകിലല്ല എന്നത് പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന ഞങ്ങളെപ്പോലുള്ളവർക്കു ഇത്തരം സംരംഭങ്ങൾ വലിയ സന്തോഷമാണ് നൽകുന്നത്.  ഈ മഹാ ഉദ്യമത്തിന്റെ അണിയറ ശില്പികളായ അവിടത്തെ പൂർവവിദ്യാർത്ഥികളായ  ശ്രീ. നാരായണൻസാർ,  അദ്ദേഹത്തിന്റെ സഹോദരിമാർ,  ഇതിന്റെ വിജയത്തിനായി അശ്രാന്ത പരിശ്രമം നടത്തിയ കർമനിരതരും സ്നേഹശീലരുമായ അധ്യാപികമാർ ഇവർക്കെല്ലാം  ഊഷ്മളമായ അഭിനന്ദനങ്ങൾ.....ഹൃദയം നിറഞ്ഞ നന്ദി.... ഇനിയും ഇതുപോലുള്ള പ്രവർത്തനങ്ങൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു...







SPORTS CORNER

# കളിയല്ല ............ കാര്യം

GHSS സ്പോർട്ട്സിലെ ഉന്നതവിജയത്തെക്കുറിച്ച് മുൻകായികാദ്ധ്യാപിക ശ്രീമതി മറിയ ടീച്ചർ

**FOOTBALL SUBDISTRICT JUNIOR AND SENIOR TEAM WINNERS**

**SUBRATHO MUKHERJEE CUP FOOTBALL (JUNIOR AND SENIOR) TOURNAMENT WINNERS IN SUBDISTRICT LEVEL**

**JUNIOR KABADI WINNERS**

**CRICKET WINNERS IN SUB DISTRICT LEVEL**

*"വിജയങ്ങളുടെ വർഷമായിരുന്നു കായികമേഖലയിൽ ബോയ്സിന്റേത്. ക്രിക്കറ്റ്, ഫുട്ബോൾ,കബഡി എന്നിവയിൽ അടിവരയിട്ട വിജയങ്ങൾ നാം നേടി . കോച്ചുകളുടെ മേൽനോട്ടത്തിൽ എല്ലാ കുട്ടികൾക്കും വൈകിട്ട് ആറു മണിവരെ ക്രിക്കറ്റ്, ഫുട്ബോൾ എന്നിവയിൽ സൗജന്യ പരിശീലനം സ്കൂളിൽ നൽകിവരുന്നു. വരും വർഷങ്ങളിൽ സ്പോർട്സിൽ ആധിപത്യമുറപ്പിക്കാൻ നമുക്കാവും "*





# ചുണക്കുട്ടികളുടെ

# പരിശീലനം






# ഒരു

# നേർക്കാഴ്ച



# IT EVENTS 2018



O U R D R E A M

SCHOOL WEBSITE INAUGURATION BY MASTER TRAINER
CO-ORDINATOR SRI JAYADEVAN C S

C O M E S T R U E




IT LAB INAUGURATION BY MUNICIPAL CHAIRMAN
SRI RAMESH D KURUPP

# OUR FACILITIES



**JRC**



**SCIENCE LAB**



**IT LAB**



**SPACE LAB**



**MOTIVATION CLASSES**
**(SHINE SHAJI)**



**ELOCUTION TRAINING**
**LEADERS ACADEMY**
**(EVERY FRIDAY)**

# OUR FACILITIES



**PHOTOGRAPHY CLUB**: EXPERT TRAINING FOR THE MEMBERS BY FACULTIES FROM RENOWNED INSTITUTIONS



**DAILY CRICKET COACHING**
BY EXPERT COACHES



**CCC**



**DINING HALL**



**FOOTBALL COACHING**
GIVEN BY EXPERT COACH




**CLASSES FOR THE EDITORIAL BOARD** FROM EXPERTS IN MEDIA FIELD

# GALLERY




















# KITES TEAM 2018




# OUR MISTRESSES



ASHA TEACHER



RAMLA TEACHER

# *THANK YOU*

**Visit us at**
**www.ghssnorthparavur.ml**
**Our address**
**Little Kites Unit GHSS N.Paravur**
**(LK/2018/25067)**
**Mail us to**
**ghs20northparavoor@gmail.com**